പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1480 — 06.03.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.പെൻഷൻ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ചവർക്ക് പെൻഷൻ വിതരണം നടത്താൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാം; വിശദമാക്കാമോ; | (എ) | സർക്കാർ മുൻ കൈ എടുത്ത് സഹകരണ ബാങ്കുകളുടെ കൺസോർഷ്യം (PACS) മുഖേന കുടിശ്ശിക പെൻഷൻ വിതരണം നടത്തിവരികയാണ്. ഈ പ്രക്രിയ 2018 ജൂലായ് വരെ തുടരുന്നതാണ്. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 1000 കോടി രൂപയിൽ നിന്നും പ്രസ്തുത തുക പലിശയടക്കം കെ.എസ്. ആർ.ടി.സി. തിരിച്ചടയ്ക്കുന്നതാണ്. |
| (ബി) | കെ. എസ്. ആർ. ടി. സി. സേവനം വിപുലീകരിക്കാനും ലാഭകരമാക്കാനും എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കാമോ? | (ബി) | കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പുനഃരുദ്ധാരണത്തിനായി കെ.എസ്.ആർ.ടി.സിയുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ റിട്ടയേർഡ് പ്രൊഫസർ സുശീൽ ഖന്നയെ നിയമിക്കുകയും, അദ്ദേഹത്തിന്റെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനഃരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയുമാണ്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000/- രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത്തരം പുനഃരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ |

| | | | |
|---|---|---|---|
| | | | ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്ക്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്ക്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് അനുസരിച്ച് കെ.എസ്.ആർ.ടി.സി.യിലെ മുഴുവൻ ജീവനക്കാർക്കും സിംഗിൾ ഡ്യൂട്ടി പാറ്റേൺ നടപ്പിലാക്കുവാനും ദീർഘദൂര സർവ്വീസുകൾക്ക് നിയമാനുസൃതം ക്രൂ ചെയ്ഞ്ച് സംവിധാനം നടപ്പിലാക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ സമയക്രമം, ബസുകൾ സർവീസ് കഴിഞ്ഞു വരുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാന ഭാരം കുറയ്ക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും Pneumatic impact wrench, Torque multiplier, Automatic tyre changer, Heavy duty portable cutting machine, Hydraulic trolley jack, Hydraulic floor jack മുതലായ ആധുനിക ഉപകരണങ്ങൾ കൂടി വാങ്ങി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്ക്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും തൊഴിൽ മേന്മ ഉറപ്പാക്കുന്നതിനും, തദ്വാര മനുഷ്യ പ്രയത്നം കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ പ്രൊഡക്ടിവിറ്റി കൗൺസലിനെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതിന്റെ കരട് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഫ്ളീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽ നിന്നും ദേശീയ ശരാശരിയിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ അസി. വർക്ക്സ് |

| | | | |
|---|---|---|---|
| | | | മാനേജർ (മെയിന്റനൻസ്)-മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും കൂടാതെ ഒരു അസി. വർക്ക്സ് മാനേജരെ ഫ്യൂവൽ സെല്ലിനു മാത്രമായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ പുനഃസംഘടന ഫലപ്രദമായി പൂർത്തിയാക്കുന്നതിന്റെ ഭാഗമായി, കാലാവധി പൂർത്തിയാക്കിയ പഴയ ബസുകൾ മാറ്റുന്നതിനും ബസുകളുടെ എണ്ണം വർദ്ധിപ്പിച്ച് വരുമാനം ഉയർത്തുന്നതിനുമായി 900 ഡീസൽ ബസുകൾ വാങ്ങുന്നതിന് കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ചു നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ